# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 660 — 12.06.2013 - ൽ മറുപടിക്ക്

## കൗമാരക്കാർക്കായി ഹെൽത്ത് ക്ലിനിക്കുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വർക്കല കഹാർ :<br>,, എ. റ്റി. ജോർജ് :<br>,, വി. ഡി. സതീശൻ :<br>,, എം. എ. വാഹീദ് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) കൗമാരക്കാർക്കായി സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഹെൽത്ത് ക്ലിനിക്കുകൾ ആരംഭിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | (എ) കൗമാരക്കാർക്കായി സംസ്ഥാനത്ത് എല്ലാ ജില്ലകളിലേയും ജില്ലാ ആശുപത്രികളിൽ കൗമാര-സൗഹൃദ ആരോഗ്യ ക്ലിനിക്കുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൗമാരക്കാരുടെ സൗകര്യാർത്ഥം ഈ ക്ലിനിക്കുകൾ ആഴ്ചയിൽ രണ്ട് ദിവസം (ചൊവ്വാഴ്ചകളിലും ശനിയാഴ്ചകളിലും) 2 മണി മുതൽ 5 മണിവരെയാണ് പ്രവർത്തിക്കുന്നത്. ക്ലിനിക്കിൽ പ്രവർത്തനസമയത്ത് പരിശീലനം നൽകിയിട്ടുള്ള ഒരു ഡോക്ടർ, ഒരു നേഴ്സ്, ഒരു കൗൺസിലർ എന്നിവർ കൗമാരക്കാർക്ക് സേവനം നൽകും. |
| (ബി) എന്തൊക്കെ ചികിൽസകളാണ് ഇവിടെ നിന്നും ലഭിക്കുന്നത് ; | (ബി) കൗമാരക്കാരുടെ പൊതു ശാരീരിക ആരോഗ്യത്തെ സംബന്ധിച്ചുള്ള പ്രശ്നങ്ങൾ, പ്രജനന വ്യവസ്ഥക്കുണ്ടാകുന്ന വളർച്ചാ വികാസം സംബന്ധമായ അജ്ഞതകൾ, ഈ വ്യവസ്ഥയിലുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ, കൗമാരക്കാരുടെ മാനസികാരോഗ്യപ്രശ്നങ്ങൾ, AUXIA, ആകാംക്ഷകൾ എന്നിവയ്ക്ക് സൗഹാർദപൂർണ്ണവും സ്വകാര്യതയോടുകൂടിയുള്ള ചികിത്സകളും, പരിഹാരങ്ങളും നൽകുന്നതാണ്. |

(....2)

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ ; | (സി) | കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ജ്യോതിസ് കേന്ദ്രങ്ങൾ (ഐ.സി.റ്റി.സി/ എഫ്. ഐ.സി.റ്റി.സി), ജില്ലാ ആശുപത്രികളിൽ പ്രവർത്തിക്കുന്ന ഭൂമിക എന്നിവയാണ് ഈ സംരംഭവുമായി നേരിട്ട് സഹകരിക്കുന്ന വിഭാഗങ്ങൾ. ക്ലിനിക്കിന്റെ പ്രവർത്തനത്തിന്റെ സാങ്കേതിക വിലയിരുത്തൽ, നിർദ്ദേശങ്ങൾ, മാർഗ്ഗരേഖകൾ മുതലായവ കാലാകാലമായി നൽകികൊണ്ട് കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ എൻ.ആർ.എച്ച്.എം ഡിവിഷനും സഹകരിക്കുന്നു. |
| (ഡി) | ഇതിനായി ഭരണതലത്തിൽ എന്തെല്ലാം തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ട് ; വിശദാംശ ങ്ങൾ വ്യക്തമാക്കുമോ ? | (ഡി) | പതിനാല് ജില്ലകളിലും കൗമാര സൗഹൃദ ക്ലിനിക്കുകൾ പ്രവർത്തന സജ്ജമാണ്. ഇതിന്റെ തയ്യാറെടുപ്പിന്റെ ഭാഗമായി 2012-13-ന്റെ ആരോഗ്യവകുപ്പ് - എൻ.ആർ.എച്ച്.എം. പി.ഐ.പി. യിൽ വിശദമായി തയ്യാറാക്കിയ പദ്ധതി സമർപ്പിക്കുകയും പദ്ധതിയെ അവലോകനം ചെയ്ത് അനുമതി 2012-13 ന്റെ ആർ.ഐ.പി-യിൽ ലഭിച്ചതിനെത്തുടർന്ന് ആവശ്യമായ ഭരണപരവും സാമ്പത്തിക അനുമതികളും ജില്ലകൾക്ക് നൽകി. ഇതിനോട് അനുസൃതമായിട്ടാണ് ക്ലിനിക്കുകൾ സജ്ജീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ